ഒന്നാം ഘട്ടത്തിൽ, 22.34 കോടി രൂപ കേന്ദ്ര വിഹിതമായും, 5.98 കോടി രൂപ സംസ്ഥാന വിഹിതമായും ചെലവഴിച്ചു. രണ്ടാം ഘട്ടത്തിൽ കൈത്തറി ഡയറക്ടറേറ്റ് മുഖാന്തരം കേന്ദ്ര വിഹിതം അനുവദിച്ചു നൽകുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ ആദ്യഗഡുവായി കേന്ദ്രത്തിൽ നിന്നും 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും ലഭിക്കുകയുണ്ടായി. അതിൽ 137.49 കോടി രൂപ ചെലവഴിച്ചു. സംസ്ഥാന വിഹിതമായി 34.80 കോടി രൂപയും നൽകി. കേന്ദ്ര-സംസ്ഥാന വിഹിതം വിനിയോഗിച്ചതിനെ സംബന്ധിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമി

299 (648) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയോർ റയോൺസ് ഭൂമിയിൽ പുതിയ വ്യവസായം ആരംഭിക്കുന്നതിന് ബിർള ഗ്രൂപ്പിന് അന്തിമനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഈ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്താൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) കോഴിക്കോട് കോംടസ്റ്റ് മാതൃകയിൽ നിയമനിർമ്മാണത്തിലൂടെ ഗ്വാളിയോർ റയോൺസ് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-സി) മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഹൈടെക് ഇൻഡസ്ട്രിയൽ സർവ്വീസസ് ഠൗൺഷിപ്പ് സ്ഥാപിക്കുന്നതിന് കമ്പനി സമർപ്പിച്ച സാധ്യത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. ഇത് സംബന്ധിച്ച് ബിർള ഗ്രൂപ്പിന് അന്തിമ നിർദ്ദേശം നൽകിയിട്ടില്ല. മാവൂർ ഗ്വാളിയോർ റയോൺസിന് വ്യാവസായിക ആവശ്യത്തിനായി ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹു.ഹൈക്കോടതിയിൽനിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly